പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 71 08.02.2016 - ൽ മറുപടിയ്ക്ക്

എൻഡോസൾഫാൻ ദുരിതബാധിതർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിതള്ളാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിതള്ളുന്നത് സംബന്ധിച്ച ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 10.10.2014 ലെ സ.ഉ (എം.എസ്) നം.298/2014/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്. കടങ്ങൾ എഴുതിതള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.<br>1. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, വാഹന വായ്പ, ഗൃഹനിർമ്മാണ വായ്പ, ഗൃഹോപകരണങ്ങൾ, ആഡംബര വസ്തുക്കൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള വായ്പകൾ എന്നിവ ഒഴികെ ദുരിതബാധിതരുടെ/കുടുംബാംഗങ്ങളുടെ 50.000 രൂപ വരെയുള്ള കടങ്ങൾ മറ്റു പരിഗണനകൾ ഇല്ലാതെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടും.<br>2. കുട്ടികളുടെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെയും കാര്യത്തിൽ അച്ഛനമ്മമാരുടെയും അവരുടെ അഭാവത്തിൽ രക്ഷിതാക്കളുടെയും പേരിലും മറ്റുള്ളവരുടെ കാര്യത്തിൽ ഭാര്യ/ഭർത്താവ്, അച്ഛൻ, അമ്മ, മക്കൾ എന്നിവരുടെ പേരിലും ഉള്ള കടങ്ങൾ കടാശ്വാസത്തിന്റെ പരിധിയിൽ ഉൾപ്പെടും.<br>3. ദുരിതബാധിതനായ ആളിന്റെ പേരിൽ ഒന്നിൽ കൂടുതൽ വായ്പകൾ എടുത്തിട്ടുള്ള പക്ഷം 50,000 രൂപ പരിധിക്കുള്ളിൽ പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയുന്ന വായ്പകൾക്കുമാത്രം കടാശ്വാസ പദ്ധതി ബാധകമാക്കുന്നതാണ്.<br>4. 2011 ജൂലൈ മാസമോ അതിന് ശേഷമോ എടുത്ത കടങ്ങൾ അതിന് മുമ്പെടുത്ത കടങ്ങളുടെ തുടർച്ചയായി പുതുക്കി എടുത്തിട്ടുള്ളതായി ബന്ധപ്പെട്ട ബാങ്കുകൾ സാക്ഷ്യപ്പെടുത്തിയാൽ മാത്രം കടാശ്വാസ പദ്ധതിക്കായി പരിഗണിക്കുന്നതാണ്.<br>കൂടാതെ ദുരിതബാധിതരുടെ വായ്പകളുടെ മുതൽ തുക സർക്കാർ |

| | | | |
|---|---|---|---|
| | | | അനുവദിക്കാമെന്നും പലിശ ബന്ധപ്പെട്ട ബാങ്കുകൾ ഒഴിവാക്കി നൽകണമെന്നുമുള്ള ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം ജില്ലയിലെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ അംഗീകരിക്കുകയും എന്നാൽ വായ്പയുടെ പലിശബാധ്യത ഏറ്റെടുക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന സഹകരണ ബാങ്കുകളുടെ ആവശ്യം സർക്കാരിലേക്ക് അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പകളിൻമേലുള്ള പലിശ അതാതു ബാങ്കുകൾ എഴുതിത്തള്ളുന്നതിനും അതുമൂലം ഉണ്ടാകുന്ന പലിശ നഷ്ടം ഏറ്റെടുക്കുന്നതിനും ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകി സ.ഉ (സാധാ) നം 56/16/സഹ തീയതി: 29.01.16 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കടം എഴുതിതള്ളുന്നതിനായി എത്ര പേരുടെ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് എത്ര തുകയാണ് വേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കടം എഴുതിത്തള്ളുന്നതിലേക്കായി പ്രാഥമികമായി 1191 പേരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്കായി 10,90,76,648 രൂപ (പലിശ തുക അടക്കം) ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നാളിതുവരെയായി കടം എഴുതിതള്ളുന്നതിലേക്കായി പ്രത്യേക ഫണ്ട് എന്ന നിലയിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | | കടം എഴുതിത്തള്ളുന്നതിലേക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. |

Sankaran

**സെക്ഷൻ ഓഫീസർ**